ബാറുകളിൽ നിന്നും വില്പന നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

11 (2459) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദേശമദ്യ കച്ചവടങ്ങളിൽ നിന്നും എത്ര വരുമാനം കഴിഞ്ഞ സാമ്പത്തിക വർഷം പിരിഞ്ഞു കിട്ടിയിട്ടുണ്ട് ; ഈ വർഷം ഇതുവരെയായി എത്ര പിരിച്ചെടുത്തു ;

(ബി) മദ്യ വില്പനയിൽ വില്പ നികുതി ഇനത്തിൽ മാത്രം എത്ര വരുമാനം കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ചിരുന്നു ;

(സി) ഈ സാമ്പത്തികവർഷം എന്തുതുക പിരിച്ചെടുക്കാൻ ഉദ്ദേശിച്ചിട്ടുണ്ട് ; എത്ര പിരിഞ്ഞു കിട്ടി ;

(ഡി) ഇതിൽ ബിവറേജസ് കോർപ്പറേഷന്റെ വിദേശ മദ്യ ഷാപ്പുകളിൽ നിന്നും എത്ര ലഭിച്ചു ; ബാറുകളിൽ നിന്നും എത്ര വില്പന നികുതി കഴിഞ്ഞ വർഷം ലഭിച്ചു ;

(ഇ) ഈ സാമ്പത്തിക വർഷം ഇതുവരെ എത്ര വരുമാനം ലഭിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) വില്പന നികുതി കുടിശ്ശികയിനത്തിൽ ബാറുകളിൽ നിന്നും ബിവറേജസ് കോർപ്പറേഷനിൽ നിന്നും വിവിധ കള്ളു ഷാപ്പുകളിൽ നിന്നും എന്തു തുക കഴിഞ്ഞ സാമ്പത്തികവർഷം സർക്കാരിന് ലഭിക്കാനുണ്ട്. ഇതിന് ആർക്കെല്ലാം എത്ര കോടി രൂപയുടെ സ്റ്റേ അനുവദിച്ചിട്ടുണ്ട് ;

(ജി) പ്രസ്തുത തുക പിരിച്ചെടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിദേശ മദ്യകച്ചവടങ്ങളിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം എക്സൈസ് ഡ്യൂട്ടി, ഇംപോർട്ട് ഫീ, എക്സ്പോർട്ട് ഫീ, ബ്ലെൻഡിംഗ് ഫീ എന്നീ ഇനത്തിൽ 341,19,26,653 രൂപയും ലൈസൻസ് ഫീ ഇനത്തിൽ 80,99,21,729 രൂപയും വില്പന നികുതി സർച്ചാർജ്ജ്, ടേണോവർ ടാക്സ് ഇനത്തിൽ 1041.30 കോടി രൂപയും ലഭിച്ചു. ഈ സാമ്പത്തികവർഷം മേയ് മാസം വരെ എക്സൈസ് ഡ്യൂട്ടി, ഇംപോർട്ട് ഫീ, എക്സ്പോർട്ട് ഫീ, ബ്ലെൻഡിംഗ് ഫീ ഇനത്തിൽ 67,37,95,372 രൂപയും ലൈസൻസ് ഫീ ഇനത്തിൽ മേയ് മാസം വരെ 2,74,46,500 രൂപയും വില്പന നികുതി ഇനത്തിൽ 30-6-2003 വരെ 211.24 കോടി രൂപയും പിരിച്ചെടുത്തു.

(ബി) മദ്യ വില്പന നികുതി ഇനത്തിൽ മാത്രം 939.21 കോടി രൂപ ലഭിച്ചു.

(സി) മദ്യവില്പന നികുതി ഇനത്തിലും വിറ്റു വരവ് നികുതി ഇനത്തിലും ഈ വർഷം 1250 കോടി രൂപ പിരിഞ്ഞു കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷം 30-6-2003 വരെ 211.24 കോടി രൂപ വിദേശ മദ്യ വില്പന നികുതി ഇനത്തിൽ പിരിഞ്ഞു കിട്ടി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബിവറേജസ് കോർപ്പറേഷന്റെ വിദേശ മദ്യ ഷാപ്പുകളിൽ നിന്നും 30-6-2003 വരെ 211.24 കോടി രൂപ ലഭിച്ചു ബാറുകളിൽ നിന്നും ലഭിച്ച വരുമാനം ശേഖരിച്ചു വരുന്നു.

(ഇ) ഈ സാമ്പത്തികവർഷം മേയ് മാസം വരെ എക്സൈസ് ഡ്യൂട്ടി, ഇംപോർട്ട് ഫീ, എക്സ്പോർട്ട് ഫീ, ബ്ലെൻഡിംഗ് ഫീ ഇനത്തിൽ 67,37,95,372 രൂപയും ലൈസൻസ് ഫീ ഇനത്തിൽ 2,74,46,500 രൂപയും വില്പന നികുതി ഇനത്തിൽ 30-6-2003 വരെ 211.24 കോടി രൂപയും ലഭിച്ചു.

(എഫ്) ബിവറേജസ് കോർപ്പറേഷനിൽ നിന്നും കുടിശ്ശികയൊന്നും ലഭിക്കാനില്ല. മറ്റ് വിവരം ശേഖരിച്ചു വരുന്നു.

(ജി) അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

പെട്രോളിയം ഉൽപ്പന്നങ്ങളിൽ നിന്നുള്ള നികുതി സമാഹരണവും മായം ചേർക്കലും

12 (2460) ശ്രീ. ബിനോയ് വിശ്വം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില്പന നികുതിയിനത്തിൽ പിരിച്ചെടുക്കപ്പെട്ട തുക എത്രയാണ് ; മൊത്തം നികുതി പിരിവിൽ എത്ര ശതമാനം വരും പ്രസ്തുത തുക ;

(ബി) കഴിഞ്ഞ വർഷം കേരളത്തിൽ വാഹനങ്ങളുടെ എണ്ണത്തിൽ 30% വർദ്ധനവുണ്ടായപ്പോൾ പെട്രോൾ, ഡീസൽ ഉപയോഗത്തിൽ 20% വർദ്ധനവേ ഉണ്ടായിട്ടുള്ളൂവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതേ കാലയളവിൽ കേരളത്തിലേക്ക് അധികൃതരുടെ ഒത്താശയോടെ വൻ തോതിൽ മണ്ണെണ്ണ കള്ളക്കടത്ത് നടന്നതായിട്ടുള്ള റിപ്പോർട്ട് ശ്രദ്ധിച്ചിട്ടുണ്ടോ ;

(ഡി) അതിർത്തി ജില്ലകളിൽ മണ്ണെണ്ണ മാഫിയ ശക്തിപ്പെടുന്നതായും പെട്രോളിയം ചേർക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2001-02-ൽ 1265.75 കോടി രൂപയും 2002-03-ൽ 1478.80 കോടി രൂപയും വിൽപന നികുതിയിനത്തിൽ പിരിച്ചെടുത്തു. ഇത് യഥാക്രമം മൊത്തം നികുതി പിരിവിന്റെ 29% ഉം 27% ഉം ആണ്.

(ബി) വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവും പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഉപഭോഗവും സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. ഇത് തടയുന്നതിന് ഇന്റലിജൻസ് വിംഗിന്റെ ഈ മേഖലയിലുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly